# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**23/02/2020** **മാർക്ക് - 50**

**10.30 a.m. - 12.30 p.m.** **STD - V** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ: ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.**

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1X5=5**

1. ഉടമ്പടി പാലിച്ചാൽ ഇസ്രായേൽക്കാർ ദൈവത്തിനു ഏറ്റവും പ്രിയപ്പെട്ട സ്വന്തം ജനമായിരിക്കുമെന്ന് ദൈവം ആരുവഴിയാണ് അറിയിച്ചത്?

   1. ജോഷ്വാ 2. മോശ 3. അഹറോൻ

2. ഇസ്രായേലിന്റെ ആത്മീയജീവിതത്തിൽ പതിവായി അവർ ആചരിച്ചിരുന്ന വിശുദ്ധദിനം.

   1. ആഴ്ചതോറുമുള്ള സാബത്ത് 2. പെസഹാതിരുനാൾ 3. പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ

3. ആധുനികകാലത്ത് സഭാതനയരെ വിശ്വാസത്തിൽ ഉറപ്പിക്കുവാനും, സംശയങ്ങൾ അകറ്റുവാനും സഹായിക്കുന്ന തിരുവെഴുത്തുകൾ പുറപ്പെടുവിക്കുന്നത് ആര്?

   1. മാർപാപ്പമാർ 2. മെത്രാന്മാർ 3. വൈദീകർ

4. "അന്ധകാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു. മരണത്തിൻെറ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു".

   1. മത്തായി 4:16 2. മത്തായി 4:5 3. ലൂക്കാ 4:4

5 വിമോചനസമരകാലത്ത് കേരളത്തിലെ 'ഗർജ്ജിക്കുന്ന സിംഹം' എന്ന് അറിയപ്പെട്ട വൈദികൻ

   1. ഫാ ജോസഫ് വടക്കൻ 2. ഫാ ജോസഫ് മുരിക്കൻ 3. ഫാ വർഗ്ഗീസ് വലിയവീട്ടിൽ

**B. പൂരിപ്പിക്കുക** **1X5=5**

6. ഇസ്രായേൽ ജനത്തിന്റെ ജീവിതസാഹചര്യങ്ങളിൽ രൂപംകൊണ്ട പ്രാർത്ഥനാഗീതങ്ങളാണ് -------.

7. ഇസ്രായേലിലെ അവസാനത്തെ ന്യായാധിപനായിരുന്നു -------.

8. പ്രതിസന്ധികളെ അതിജീവിക്കുന്നതിനുള്ള ശക്തി ദൈവത്തിൽ നിന്നു സ്വീകരിച്ച് ------- ലക്ഷ്യമാക്കി നാം ജീവിക്കണം.

9 പാപത്തിൽ മുഴുകിയ ഇസ്രായേൽ ജനത്തിന് സംഭവിക്കുവാൻ പോകുന്ന അടിമത്തത്തെക്കുറിച്ച് മുന്നറിയിപ്പു നൽകാൻ ദൈവം നിയോഗിച്ച പ്രവാചകനാണ് -------

10 തേനും പാലും ഒഴുകുന്ന ദേശം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ------- നിറഞ്ഞ നാട് എന്നാണ്.

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക** **2X6=12**

11 എസക്കിയേൽ പ്രവാചകൻ നൽകിയ പ്രത്യാശയുടെ സന്ദേശങ്ങൾ ഏവ?

12. ഞായറാഴ്ച ദിവസം വിശുദ്ധമായി ആചരിക്കേണ്ടതെങ്ങനെ?

13. ജറീക്കോയുടെ എതിർവശത്ത് സ്ഥിതചെയ്യുന്ന നെബോ മലയുടെ മുകളിലേക്ക് മോശയെ വിളിച്ച് വാഗ്ദത്തദേശം കാണിച്ചുകൊണ്ട് കർത്താവ് പറഞ്ഞത് എന്ത്? (നിയമാവർത്തനം 34:1)

14. പഴയനിയമചരിത്രത്തിൽ പുരോഹിതസ്ഥാനം ഏതു ഗോത്രത്തിനായിരുന്നു. അവരുടെ ഉത്തരവാദിത്വങ്ങൾ ഏവ?

15. വി. ഡൊമിനിക് സാവിയോയുടെ പ്രാർത്ഥന എഴുതുക.

16. ദൈവസന്നിധിയിൽ പ്രതികാരത്തിനായി ആവശ്യപ്പെടുന്ന പാപങ്ങൾ ഏതെല്ലാം?

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക** **4x2=8**

17. പത്തുകല്പനകൾ ഇസ്രായേൽക്കാരുടെ ജീവിതത്തെ എപ്രകാരം സ്വാധീനിച്ചുവെന്നും, ഇന്ന് തിരുസഭാമക്കളുടെ ജീവിതത്തിന് ദൈവപ്രമാണങ്ങളും സഭയുടെ കൽപനകളും എപ്രകാരം സഹായകരമാകുന്നുവെന്നും വ്യക്തമാക്കുക.

18. ഇസ്രായേൽക്കാരുടെ ബലികളെക്കുറിച്ചും സാബത്താചരണത്തെക്കുറിച്ചും വിവരിക്കുക.

19. ഇസ്രായേൽ ജനത്തിന്റെ പ്രധാനതിരുനാളുകൾ ഏവ? ഏതെങ്കിലും ഒരു തിരുനാളിനെ കുറിച്ച് എഴുതുക.

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

20. കുരിശിൽ നമുക്കുവേണ്ടി ബലിയർപ്പിച്ച ഈശോയെപ്പോലെ നിങ്ങളും മറ്റുള്ളവർക്കുവേണ്ടി ചെയ്യുന്ന ത്യാഗങ്ങൾ വീട്ടിൽ, വിദ്യാലയത്തിൽ, സഭയിൽ, സമൂഹത്തിൽ ഏവയെന്ന് വിവരിക്കുക.

21. ഇന്റേണൽ അസ്സെസ്സ്മെന്റ്: കാണുക *വചനദീപം*, p.34-35 **15**

# രണ്ടാം സെമസ്റ്റർ പരീക്ഷ
# ഉത്തരങ്ങൾ
# STD - V

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1X5=5**

1. മോശ L. 9 page 64 2nd para
2. ആഴ്ചതോറുമുള്ള സാബത്ത് L. 11 page 74 1st para
3. മാർപാപ്പമാർ L. 14 page 96 2nd para
4. വി. മത്തായി 4:16
5. ഫാ. ജോസഫ് വടക്കൻ സത്യദീപം 2020 ജനുവരി 1, page 11

**B. പൂരിപ്പിക്കുക** **1X5=5**

6. സങ്കീർത്തനങ്ങൾ L. 12 page 83 1st para
7. സാമുവൽ L. 13 page 88
8. സ്വർഗീയ ജെറുസലേം L. 10 page 72 1st para
9. ജറെമിയാ L. 14 page 95 4st para
10. ദൈവാനുഗ്രഹങ്ങൾ L. 10 page 71 para 3

**C. മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക** **2X6=12**

11. L. 14 page 96 2nd para
12. L. 12 page 84 5th para
13. L. 10 page 69 2nd para
14. L. 13 page 90 3rd para
15. ഉപപാഠം page 83
16. നമസ്കാരങ്ങൾ 31 page 17

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ എഴുതുക** **4X2=8**

17. L. 9 page 64-65
18. L. 12 page 83-84
19. L. 11 page 75-76

**E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

20. പൊതുചോദ്യം

# എറണാകുളം - അങ്കമാലി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## രണ്ടാം സെമസ്റ്റർ പരീക്ഷ

24.02.2019 — മാർക്ക് - 50

10.30 am - 12.30 pm — **STD - V** — സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

### A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക — 1x 5=5

1. തിരുനാളുകളുടെ തിരുനാൾ എന്നറിയപ്പെടുന്ന തിരുനാൾ
   1. ക്രിസ്തുമസ് 2. പെസഹാ തിരുന്നാൾ 3. ഉയിർപ്പുതിരുന്നാൾ
2. ഏതു മലമുകളിൽ നിന്നുകൊണ്ടാണ് മോശക്കു വാഗ്ദത്ത ദേശം കാണുവാൻ സാധിച്ചത്?
   1. സീനായ് 2. നെബോ 3. ഹൊറേബ്
3. "ഞങ്ങളുടെ കുറ്റങ്ങളും പാപങ്ങളും ക്ഷമിക്കുകയും ഞങ്ങളെ അങ്ങയുടെ സ്വന്തമായി സ്വീകരിക്കുകയും ചെയ്യണമേ."
   1. പുറപ്പാട് 34:9 2. സങ്കീർത്തനങ്ങൾ 34:9 3. പുറപ്പാട് 9:34
4. ഡൊമിനിക് സാവിയോയെ വിശുദ്ധനായി പ്രഖ്യാപിച്ച പാപ്പ?
   1. പത്താം പീയൂസ് പാപ്പ 2. പതിനൊന്നാം പീയൂസ് പാപ്പ
   3. പന്ത്രണ്ടാം പീയൂസ് പാപ്പ
5. ത്രികാല ജപം ചൊല്ലുന്നതിനുള്ള മണി അടിക്കുന്നത് ഏതു രീതിയിലാണ്?
   1. മൂന്നുവീതം മൂന്നു പ്രാവശ്യം 2. മൂന്നു വീതം അഞ്ചു പ്രാവശ്യം
   3. ഒന്നു വീതം ഒൻപതു പ്രാവശ്യം

### B. പൂരിപ്പിക്കുക — 1x 5=5

6. ഇസ്രയേൽക്കാരുടെ ———— പരിഹാരമായി നാൽപതു ദിവസം ഉപവസിച്ചു പ്രാർത്ഥിച്ച നേതാവാണ് മോശ.
7. ശരിയായ വഴി ഏതാണെന്ന് നിരന്തരം നമ്മെ ഓർമ്മിപ്പിക്കുന്നത് ———— ആണ്.
8. മനുഷ്യനായി ഭൂമിയിൽ പിറന്ന ഈശോ ———— സാധിച്ചതിനുശേഷം പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായി.
9. സാർവത്രിക സഭയിൽ ———— നിർവഹിക്കുന്നത് മാർപാപ്പയാണ്.
10. ————പ്പോലെ കർത്താവ് മുഖാഭിമുഖം സംസാരിച്ച മറ്റൊരു പ്രവാചകൻ ഇസ്രായേലിൽ പിന്നീട് ഉണ്ടായിട്ടില്ല.

### C. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക — 2x 6=12

11. ഇസ്രായേൽക്കാരുടെ സാമൂഹിക ജീവിതത്തിൽ ജൂബിലി ആചരണത്തിന്റെ പ്രാധാന്യം എന്ത്?
12. എസെക്കിയേൽ പ്രവാചകൻ നൽകിയ പ്രത്യാശയുടെ സന്ദേശങ്ങൾ ഏവ?

13. വി. ഡൊമിനിക് സാവിയോയുടെ പ്രാർത്ഥന എഴുതുക.

14. മരണത്തിനു മുമ്പ് ജോഷ്വയെ അനുഗ്രഹിച്ചുകൊണ്ട്, മോശ പറഞ്ഞ വാക്കുകൾ എന്ത്?

15. സ്നേഹപ്രകരണം എഴുതുക.

16. ലൂക്കാ സുവിശേഷത്തിലെ, മരുഭൂമിയിലെ പരീക്ഷയിൽ രണ്ടാമത്തെ പരീക്ഷണത്തിന് പിശാചിനോട് യേശു പറഞ്ഞ മറുപടി എന്ത്?

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഓരോ ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക 4x2=8

17. ഇസ്രായേൽ ജനതയുടെ പുരോഹിതന്മാരുടെ ധർമ്മങ്ങളെക്കുറിച്ച് വിവരിക്കുക.

18. സാബത്ത്, തിരുന്നാളുകൾ എന്നിവ ഇസ്രായേൽ ജനം ആചരിച്ചിരുന്നതിന്റെ ലക്ഷ്യം എന്ത്?

19. ഇസ്രയേൽ ജനത്തിന്റെ ജീവിതത്തിൽ ദേവാലയത്തിനും പ്രാർത്ഥനക്കും അതീവപ്രാധാന്യം ഉണ്ടായിരുന്നു. അവരുടെ പ്രാർത്ഥനാജീവിതത്തെപ്പറ്റിയും, ദേവാലയവുമായുള്ള സവിശേഷ ബന്ധത്തെപ്പറ്റിയും വിശദമാക്കുക.

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5x1=5

20. നിങ്ങളുടെ ദേവാലയത്തിലെ തിരുനാളുകൾ കൂടുതൽ ആത്മീയ അനുഭവം പകരുന്നതാകുവാൻ എന്തൊക്കെ കാര്യങ്ങൾ ചെയ്യണം എന്നാണ് നിങ്ങളുടെ അഭിപ്രായം. വിശദമാക്കുക.

21. ഇന്റേണൽ അസ്സെസ്സ്മെന്റ് : കാണുക വചനദീപം 32–33 

## ഉത്തരസൂചിക - ക്ലാസ്സ് 5

A . 1. ഉയിർപ്പുതിരുന്നാൾ (lesson 11, page 77, para last)

2. നെബോ മലയിൽ ( lesson 10, page 69, para 2)

3. പുറപ്പാട് 34:9 (lesson 9, page 66)

4. പന്ത്രണ്ടാം പിയൂസ് പാപ്പ (വിശുദ്ധരെ അറിയാൻ, page 42)

5. മൂന്നു വീതം മൂന്നു പ്രാവശ്യം (സത്യദീപം 2018 നവംബർ 22-28)

B. 6. വിഗ്രഹാരാധനക്ക് ( lesson 10, page 69, para 1)

7. കൽപനകൾ (lesson 9, page 65, para last)

8. മനുഷ്യ രക്ഷ ( lesson 11, page 78, para 1)

9. നേതൃത്വശുശ്രൂഷ (lesson 13, page 90, para last)

10. മോശയെ (lesson 10, page 69, para 3)

C . 11. lesson 12, page 84, para 3,4

12. lesson 14, page 96, para 1

13. വിശുദ്ധരെ അറിയാൻ, page 83

14. lesson10, page 69, last para

15. നമസ്ക്കാരങ്ങൾ NO.16

16. ബൈബിൾ വി. ലൂക്ക 4:8

D. 17. lesson 13, page 90, para 3,4

18. lesson 11, page 74 -75, para 1

19. lesson 12, page 81- 82 , para 1

E. 20. പൊതുചോദ്യം

# എറണാകുളം - അങ്കമാലി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

## രണ്ടാം സെമസ്റ്റർ പരീക്ഷ

**25.02.2018** | **മാർക്ക് - 50**

**10.30 am - 12.30 pm** | **STD - V** | **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

### A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 1x 5=5

1. സാർവത്രിക സഭയിൽ നേതൃത്വ ശുശ്രൂഷ നിർവ്വഹിക്കുന്നത് ആര്?

   1. മെത്രാന്മാർ 2. മാർപ്പാപ്പ 3. വൈദീകർ

2. ഒരു കത്തോലിക്കാ ഭവനത്തിലെ അണയാത്ത ദീപം

   1. മാതൃസ്നേഹം 2. കുടുംബപ്രാർത്ഥന 3. പരസ്പരസ്നേഹം

3. ഇസ്രായേൽ ജനത്തെ മുന്നോട്ടു നയിക്കുവാൻ ആവശ്യമായ പ്രത്യേക വരദാനങ്ങൾ ലഭിച്ച നേതാക്കന്മാർ

   1. ന്യായാധിപന്മാർ 2. സഭാപ്രബോധകർ 3. പ്രവാചകന്മാർ

4. ഇസ്രായേൽക്കാർ ആരുടെ നേതൃത്വത്തിലാണ് കാനാൻദേശത്ത് പ്രവേശിച്ചത്

   1. മോശ 2. ജോഷ്വ 3. അഹറോൻ

5. സീറോ മലബാർ സഭയുടെ ഇന്ത്യയിലെ 31-ാമത്തെ രൂപത ഏത്?

   1. മാണ്ഡ്യ 2. ഫരീദാബാദ് 3. ഷംഷാബാദ്

### B. പൂരിപ്പിക്കുക 1x 5=5

6. ദൈവത്തെ മഹത്വപ്പെടുത്താനായി നടത്തുന്ന ———— ഉം ———— ഉം പ്രാർത്ഥനയിൽ ഉൾപ്പെടുന്നു.
7. ദൈവേഷ്ടം ധിക്കരിച്ച് ഭരണം നടത്തിയ സാവൂളിന് ———— നഷ്ടമായി.
8. അപ്പോൾ മുതൽ യേശു പ്രസംഗിക്കുവാൻ തുടങ്ങി. "മാനസാന്തരപ്പെടുവിൻ, ———— സമീപിച്ചിരിക്കുന്നു." (മത്തായി 4:17)
9. ആദ്യ നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സഭാപിതാക്കന്മാർ ———— പ്രധാനികളാണ്.
10. വിളവെടുപ്പിന്റെ ആരംഭത്തിൽ ദൈവത്തിന് നന്ദിയർപ്പിക്കാൻ ആഘോഷിച്ചിരുന്ന തിരുനാളാണ് ————.

### C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക 2x 6=12

11. നമ്മുടെ ആത്മീയ വളർച്ചക്ക് തിരുനാളുകൾ എങ്ങനെ സഹായമാകുന്നു? പന്തക്കുസ്ത തിരുനാളിനെക്കുറിച്ച് വിവരിക്കുക?
12. സഭയിലെ വിവിധ നേതൃത്വ ശുശ്രൂഷകളെപ്പറ്റി വിശദമാക്കുക?

13. ദൈവവചനം ഉദ്ധരിക്കുക – നിയമാവർത്തനം 31:8 "കർത്താവാണ് നിന്റെ ...."

14. നമ്മുടെ ലക്ഷ്യസ്ഥാനമായ സ്വർഗ്ഗീയ ജറുസലേമിൽ എത്തിച്ചേരുവാൻ പഴയനിയമജനതയുടെ ചരിത്രം നമുക്ക് നൽകുന്ന സന്ദേശം എന്ത്?

15. വി.അൽഫോൻസ നമുക്ക് നൽകുന്ന സന്ദേശവും വിശുദ്ധയുടെ പുണ്യ വചനവും എഴുതുക?

16. സ്നേഹപ്രകരണം എഴുതുക?

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരോ ഖണ്ഡിക (പാരഗ്രാഫ്) വീതം ഉത്തരമെഴുതുക** **4x 2=8**

17. ഇസ്രായേൽക്കാരുടെ പ്രാർത്ഥനാഗീതങ്ങളായിരുന്ന സങ്കീർത്തനങ്ങളെയും ദൈവത്തിനർപ്പിച്ചിരുന്ന ബലികളെയും പറ്റി വിവരിക്കുക?

18. ഇസ്രായേലിലെ പ്രധാനപ്പെട്ട പ്രവാചകന്മാർ ആരെല്ലാം? അവർ ജനത്തിന് നൽകിയ പഠനങ്ങളും സന്ദേശങ്ങളും എന്തെല്ലാം?

19. ഇസ്രായേൽ ജനം വാഗ്ദത്ത ഭൂമിയിൽ പ്രവേശിച്ചതും കാനാൻദേശം കീഴടക്കിയതും എപ്രകാരമെന്ന് വിവരിക്കുക?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5x 1=5**

20. ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും സത്യം, സ്നേഹം, നീതി, അച്ചടക്കം എന്നീ ജീവിതമൂല്യങ്ങളെ മുറുകെപ്പിടിച്ച്, യേശുവിനെ മാതൃക യാക്കി, നല്ല വ്യക്തിത്വത്തിന്റെ ഉടമകളാകാൻ നിങ്ങൾക്ക് എന്തൊക്കെ ചെയ്യാനാകും?

| | |
|---|---|
| 21. ഇന്റേണൽ അസ്സെസ്സ്മെന്റ് : വചനദീപം പേജ് 27-28 | 15 |

# അഞ്ചാം ക്ലാസ്സ് - ഉത്തരങ്ങൾ
# രണ്ടാം സെമസ്റ്റർ പരീക്ഷ - ഫെബ്രുവരി 25

A. ഏറ്റവും ശരിയായ ഉത്തരം

1. മാർപ്പാപ്പ 13/90
2. പരസ്പര സ്നേഹം ഉപപാഠം (Chavara) Page 29
3. ന്യായാധിപന്മാർ 13/87
4. ജോഷ്വ 10/70
5. ഷംഷാബാദ് - സത്യദീപം 2018 ജനുവരി 18-24

B. പൂരിപ്പിക്കുക

6. സ്തുതികളും ആരാധനയും 12/81
7. ദൈവത്തിൻറെ പ്രീതി 13/89
8. സ്വർഗ്ഗരാജ്യം – മത്തായി 4:17
9. സഭാപ്രബോധകരിൽ 14/96
10. പുളിപ്പില്ലാത്ത അപ്പത്തിൻറെ തിരുനാൾ 11/75

C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക

11. തിരുനാളുകൾ വിശുദ്ധ ദിനങ്ങളായിട്ടാണ് സഭ കാണുന്നത്. അവയിൽ പങ്കുചേരുന്നതിലൂടെ ദൈവത്തിനു നാം നന്ദിയർപ്പിക്കുന്നു. തിരുനാളിൻറെ അർത്ഥവും സന്ദേശവും അറിഞ്ഞു ആചരിക്കുമ്പോഴാണ് നമ്മുടെ ആത്മീയ വളർച്ചക്ക് അവ ഉപകരിക്കുന്നത്. പരിശുദ്ധാത്മാവ് അപ്പസ്തോലന്മാരുടെമേൽ തീനാവുകളുടെ രൂപത്തിൽ എഴുന്നള്ളിവന്ന സംഭവമാണ് പന്തക്കുസ്ത തിരുനാളിനു അടിസ്ഥാനം . സഭയിൽ വസിക്കാനും സഭയെ നയിക്കാനുമായി പരിശുദ്ധാത്മാവിനെ അയച്ചതിൻറെ അനുസമരണമാണ് പന്തക്കുസ്ത തിരുനാൾ. 11/78
12. സഭയിലെ നേതൃത്വ ശുശ്രൂഷകൾ പ്രവാചകത്വത്തിൻറെയും പൗരോഹിത്യത്വത്തിൻറെയും ഭരണത്തിൻറെയുമായ ധർമങ്ങൾ ഉൾച്ചേരുന്നതാണ്. ഈശോയുടെ ഈ ശുശ്രൂഷ ഇന്ന് മെത്രാന്മാരിലൂടെയും വൈദീകരിലൂടെയും ഡീക്കന്മാരിലൂടെയും തുടരുന്നു. സാർവത്രിക സഭയിൽ മാർപ്പാപ്പ നേതൃത്വ ശുശ്രൂഷ നിർവഹിക്കുന്നു. സമർപ്പിതരും അത്മായരും നേതൃത്വ ശുശ്രൂഷയിൽ സഹകാരികളാകുന്നു. 13/90-91
13. „കർത്താവാണ് നിൻറെ മുൻപിൽ പോകുന്നത്. അവിടുന്ന് നിന്നോടുകൂടെ ഉണ്ടായിരിക്കും" നിയമാവർത്തനം 31:8; 10/72
14. തെറ്റുകൾ ചെയ്തു പോയെങ്കിലും ഇസ്രായേൽജനം കാനാൻ ദേശം എന്ന ലക്ഷ്യം മറന്നില്ല. കഷ്ടപ്പാടുകൾക്കുശേഷം അവർക്കു ലക്ഷ്യം നേടാൻ സാധിച്ചു. പഴയനിയമ ജനതയുടെ ചരിത്രം നൽകുന്ന സന്ദേശവും ഇത് തന്നെ. പ്രതിസന്ധികളെ അതിജീവിക്കുന്നതിനുള്ള ശക്തി ദൈവത്തിൽ നിന്ന് സ്വീകരിച്ചു സ്വർഗീയ ജറുസലേം ലക്ഷ്യമാക്കി നാം ജീവിക്കണം. 10/71-72
15. മാമ്മോദീസയിൽ കിട്ടിയ വരപ്രസാദം ഒരിക്കലും നഷ്ടപെടുത്താതിരിക്കാനുള്ള അനുഗ്രഹം സഹനത്തിലൂടെ നാം നേടണം. ഓരോ സഹായവും ഈശോയുടെ തിരുമുറവിൽ ഓരോ പുഷ്പമായി ഞാൻ കാഴ്ചവയ്ക്കുന്നു. ഉപപാഠം Page 40
16. നമസ്കാരങ്ങൾ No. 16

D. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക - **പ്രധാന ആശയങ്ങൾ കൊടുക്കുന്നു. താഴെ കൊടുത്തിരിക്കുന്ന ആശയങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കുക. അതേ വാക്കുകൾ വേണമെന്നില്ല**

17. തിരുനാളുകളിലും തീർത്ഥാടനവേളകളിലും സങ്കീർത്തനങ്ങൾ ആലപിക്കുന്ന പതിവ് യഹൂദരുടെയിടയിൽ ഉണ്ടായിരുന്നു. ദാവീദ് രാജാവാണ് സങ്കീർത്തനങ്ങൾ രചിച്ചതെന്നു വിശ്വസിക്കപ്പെടുന്നു. സങ്കീർത്തനങ്ങളെ സ്തുതിഗീതങ്ങൾ, വിലാപകീർത്തനങ്ങൾ, കൃതജ്ഞതാകീർത്തങ്ങൾ എന്നിങ്ങനെ മൂന്ന് ഗണങ്ങളായി തിരിച്ചിരിക്കുന്നു. ദൈവവും ദൈവജനവും തമ്മിലുള്ള ആഴമേറിയ ബന്ധം സങ്കീർത്തനങ്ങളിൽ തെളിഞ്ഞു കാണാം

ദൈവത്തിനു ആരാധനയും സ്തുതിയും അർപ്പിക്കുന്നതിനും അവിടുന്ന് നൽകിയ അനുഗ്രഹങ്ങൾക്ക് കൃതജ്ഞത അർപ്പിക്കുന്നതിനും ചെയ്തുപോയ തെറ്റുകൾക്ക് പരിഹാരം അനുഷ്ഠിക്കുന്നതിനും ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനുമായിട്ടാണ് ഇസ്രായേൽക്കാർ ബലികൾ അർപ്പിച്ചിരുന്നത്. എല്ലാം സൃഷ്ടിച്ച ദൈവത്തിനു മനുഷ്യൻ അർപ്പിക്കുന്ന ആരാധനയാണ് ബലി 12/83

18. ഏലിയാ, ഏശയ്യാ, ജെറമിയ, എസക്കിയേൽ.

വിഗ്രഹാരാധനക്കു ശിക്ഷ ലഭിക്കുമെന്ന് ഏലിയാ അറിയിച്ചു. അനുതപിച്ചു കർത്താവായ ദൈവത്തിലേക്ക് തിരികെ വരാൻ അദ്ദേഹം ഉപദേശിച്ചു. ഇസ്രായേൽ ജനത്തെ സത്യവിശ്വാസത്തിൽ ഉറപ്പിക്കാൻ ശ്രമിച്ച പ്രവാചകനാണ് ഏലിയാ.

ദൈവത്തെ അവഗണിക്കുന്ന ഒരു ജനത്തെ ഏശയ്യാ ചിത്രീകരിക്കുന്നു. അനീതിയും അധർമ്മവും രാജ്യത്തു പെരുകി, നീതി നിഷേധവാറും വഞ്ചനയും അസത്യവും കാപാട്യവും ദൈവനിന്ദയും അഹങ്കാരവും കൊണ്ട് നിറഞ്ഞു . ഇവയ്ക്കെല്ലാം എതിരെ ഏശയ്യാ പ്രവചിക്കുന്നു. അനന്തമായ ദൈവസ്നേഹം, മാനസാന്തരം, പ്രത്യാശയുടെ ദിനങ്ങൾ എന്നിവയാണ് പ്രവാചകൻ നൽകുന്ന മറ്റു ചില ചിന്തകൾ.

പാപത്തിൽ മുഴുകിയ ഇസ്രായേൽ ജനത്തിന് സംഭവിക്കാൻ പോകുന്ന അടിമത്വത്തെക്കുറിച്ചു മുന്നറിയിപ്പ് നൽകുന്ന പ്രവാചകനാണ് ജെറമിയ. ദൈവാലയത്തിനും അവിടുത്തെ ഭക്തകർമ്മൾക്കും അർത്ഥം ലഭിക്കുന്നത് നീതിയും സൗഹാർദ്ധതയും പരസ്പരസ്നേഹവും സമൂഹത്തിൽ വളർന്നു വരുമ്പോഴാണെന്നു ജെറമിയ പഠിപ്പിച്ചു.

ബാബിലോൺ അടിമത്വത്തിൽ കഴിഞ്ഞിരുന്ന ജനത്തെ പ്രത്യാശയിലേക്കു നയിക്കുകയായിരുന്നു എസക്കിയേലിൻറെ ദൗത്യം. ദൈവത്തിൻറെ ആത്മാവ് ഇസ്രായേലിനു ജീവൻ നൽകും പുതിയ ദേവാലയം നിർമ്മിക്കപ്പെടും ദൈവമഹത്വം തിരികെ വരും എന്നിങ്ങനെ പ്രത്യാശയുടെ സന്ദേശങ്ങൾ നൽകി

19. കാനാൻ ദേശത്തു പ്രവേശിക്കണമെങ്കിൽ നദി കടക്കണം. ജോഷ്വ ഇസ്രായേൽക്കാരോട് പറഞ്ഞു - നിങ്ങൾ അടുത്തുവന്നു ദൈവമായ കർത്താവിൻറെ വാക്കു കേൾക്കുവിൻ. കർത്താവിൻറെ വാഗ്ദാന പേടകം വഹിക്കുന്ന പുരോഹിതന്മാർ ജലത്തെ സ്പർശിക്കുമ്പോൾ വെള്ളത്തിൻറെ ഒഴുക്ക് നിലക്കും. ജോർദ്ദാൻ നദിയിൽ വരണ്ട ഭൂമി കാണപ്പെട്ടു. ഇസ്രായേൽ ജനം മറുകരക്കു കടക്കുന്നതുവരെ കർത്താവിൻറെ വാഗ്ദാനപേടകം വഹിച്ചുകൊണ്ട് പുരോഹിതന്മാർ നദിയിൽ നിന്നു. അത്ഭുതകരമായി ജോർദ്ദാൻ നദി കടന്നു കാനാൻ

ദേശത്തു പ്രവേശിച്ചു. ദൈവസാന്നിധ്യത്തിൻറെ അടയാളമാണ് വാഗ്ദാന പേടകം.

ജോഷ്വയിലൂടെ ദൈവം നൽകിയ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടാണ് അവൻ കാനാൻ ദേശം സ്വന്തമാക്കിയത്. ജറീക്കോ പട്ടണം കീഴടക്കാൻ ദൈവം ഇസ്രായേൽക്കാരെ സഹായിച്ചു. കാനാൻ ദേശം അബ്രാഹത്തിൻറെ സന്തതി പരമ്പരക്ക് അവകാശമായി നൽകുമെന്ന ദൈവത്തിൻറെ വാഗ്ദാനം അങ്ങനെ നിറവേറി 10/70-71

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

## സൺഡേ സ്ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

**26 - 02 - 2017** **മാർക്ക് – 50**

**10.30 am - 12.30 pm** **STD - V** **സമയം – 2 മണിക്കൂർ**

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **1x5=5**

1. ഇസ്രായേലിന് ദൈവത്തോടുള്ള ബന്ധത്തിന്റെ പ്രതീകം.
2. ചാവറ കുര്യാക്കോസ് ശെമ്മാശൻ പട്ടം സ്വീകരിക്കുമ്പോൾ വരാപ്പുഴ വികാരി അപ്പസ്തോലിക്ക ആരായിരുന്നു?
3. കൂനിയായ സ്ത്രീയെ, യേശു സുഖപ്പെടുത്തുന്ന മഹനീയ കൃത്യം കണ്ട് സന്തോഷിച്ചത് ആര്?
4. സി.സി.ബി.ഐ പ്രസിഡണ്ട്?
5. സാബത്തിൽ യേശു രോഗശാന്തി നല്കിയതിൽ കോപിച്ചത് ആര്?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **1x5=5**


6. ഇസ്രായേൽകാർക്ക് സന്തോഷത്തിന്റേയും വിശ്രമത്തിന്റേയും ദൈവാരാധനയുടേയും ദിനം.
   (ജൂബിലി ആചരണം, സാബത്താചരണം, ബലിയർപ്പണദിനം)
7. കാനാൻദേശത്തെത്തിയ ഇസ്രായേൽക്കാർ ആദ്യം കീഴടക്കിയ പട്ടണം.
   (ഗിൽഗാൽ, ജെറീക്കോ, മൊവാബ്)
8. സീറോ മലബാർ സഭയിൽ ഇന്ത്യക്കു പുറത്ത് എത്ര രൂപതകൾ ഉണ്ട്?
   (3, 1, 4)
9. സിസ്റ്റർ അൽഫോൻസായുടെ ജീവിതബലി അവസാനിച്ചത് എന്ന്?
   (1946 ജൂലൈ 28, 1936 ജൂലൈ 28, 1940 ജൂലൈ 8)
10. നായിമിലെ വിധവയുടെ മകനെ ഉയർപ്പിച്ച സംഭവം കണ്ട ജനം യേശു ആരെന്നാണ് വിശേഷിപ്പിച്ചത്?
   (രക്ഷകൻ, ദൈവപുത്രൻ, പ്രവാചകൻ)

**ദൈവവചനം എഴുതുക. (ഏതെങ്കിലും രണ്ടെണ്ണം)** **1½ x 2= 3**

11. 1 സമുവൽ 12:24 – ‘‘നിങ്ങൾ പൂർണ്ണഹൃദയത്തോടെ....
12. യോഹ 1:29-30 – ‘‘ഇതാ ലോകത്തിന്റെ......
13. ആമോസ് 5:15 – ‘‘തിന്മയെ വെറുക്കുവിൻ......

**ഉത്തരം എഴുതുക (ഏതെങ്കിലും മൂന്ന്)** **2½ x 3= 7½**

14. ‘തേനും പാലും ഒഴുകുന്ന കാനാൻദേശം അബ്രാഹത്തിന്റെ സന്തതി പരമ്പരയ്ക്കു അവകാശമായി നൽകുമെന്ന ദൈവത്തിന്റെ വാഗ്ദാനം അങ്ങനെ നിറവേറി.’ ഇസ്രായേൽ ജനം കാനാൻ ദേശം കീഴടക്കുന്ന സംഭവം വിവരിക്കുക?
15. രക്ഷകനായ മിശിഹായെക്കുറിച്ച് പ്രവചനങ്ങൾ നടത്തിയ 5 പ്രവാചകന്മാരുടെ പേരുകൾ എഴുതി പദസൂര്യൻ പൂരിപ്പിക്കുക.



16. പുതിയ നിയമ ജനമായ തിരുസ്സഭയിലെ നമ്മുടെ കർത്താവിന്റെ 5 പ്രധാന തിരുനാളുകൾ എഴുതി ഓരോ തിരുനാളിന്റെയും ഏതെങ്കിലും ഒരു പ്രത്യേകത എഴുതുക.


17. ചേരേണ്ട വിധത്തിൽ ചേർക്കുക.

| | |
|---|---|
| a. പന്തക്കുസ്ത തിരുനാൾ | യോം കിപ്പൂർ |
| b. സാമുവൽ | അമ്പതാം ദിവസം |
| c. പാപപരിഹാരതിരുനാൾ | ജനുവരി 6 |
| d. സാവൂൾ | അവസാനത്തെ ന്യായാധിപൻ |
| e. ദനഹാതിരുനാൾ | ആദ്യത്തെ രാജാവ് |

**ഉത്തരം എഴുതുക (ഏതെങ്കിലും ഒന്ന്)** **2½x1= 2½**

18. 'ഒരു നല്ല അപ്പന്റെ ചാവരുളി'ലെ ഏതെങ്കിലും അഞ്ച് 'മാർഗ്ഗനിർദ്ദേശങ്ങൾ' എഴുതുക?

19. വി. അൽഫോൻസാമ്മയുടെ ജീവിതരേഖ എഴുതി (സംഭവങ്ങളും വർഷവും) ഫ്ളോ ചാർട്ട് പൂർത്തിയാക്കാമോ?




**നമസ്കാരങ്ങൾ**

20. പരിശുദ്ധാരൂപിക്കെതിരായ പാപങ്ങളിൽ നാലെണ്ണം എഴുതുക. **2**

21. ദൈവീക പുണ്യങ്ങൾ 3ഉം, പ്രധാന പുണ്യപ്രവർത്തികൾ 3ഉം എഴുതുക. **3**

**ഖണ്ഡിക എഴുതുക. (ഏതെങ്കിലും ഒന്ന്)** **3x1=3**

22. സഭാ പ്രബോധകർ.

23. സഭയിലെ ദൈവാലയങ്ങളും ആചാരങ്ങളും.

**24. പൊതുചോദ്യം** **4**

കാരുണ്യവർഷത്തിൽ നിങ്ങൾ നടത്തിയ കാരുണ്യ പ്രവൃത്തികളെ വിവരിച്ചുകൊണ്ട് കൂട്ടുകാരന്/കൂട്ടുകാരിക്ക് ഒരു കത്തെഴുതുക.

25. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

26 - 02 - 2017 | മാർക്ക് – 50

10.30 am - 12.30 pm | സമയം – 2 മണിക്കൂർ

ഉത്തരസൂചിക

**STD - V**

*നിർദ്ദേശങ്ങൾ: ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യം എഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** 1x5=5

1. പൗരോഹിത്യം - 13/90
2. മൗറേലിയൂസ് സ്തബലീനി മെത്രാൻ - വിശുദ്ധരെ അറിയാൻ - പേജ് 25
3. ജനക്കൂട്ടം - ലൂക്ക 13:17
4. കർദി. ഓസ്വാൾഡ് ഗ്രേഷ്യസ് - സത്യദീപം: 2017 ഫെബ്രു. 8-15
5. സിനഗോഗധികാരി - ലൂക്ക 13:14

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 1x5=5

6. സാബത്ത് - 12/84
7. ജെറീക്കോ - 10/71
8. 3 - സത്യദീപം: 2017 ജനുവരി 26- ഫെബ്രുവരി 1 -
9. 1946 ജൂലൈ 28 - വിശുദ്ധരെ അറിയാൻ - പേജ് 38
10. പ്രവാചകൻ - ലൂക്ക 7:16

**ദൈവവചനം എഴുതുക (രണ്ടെണ്ണം)** 1½ x 2= 3

11. 1 സാമുവൽ 12:24 - നിങ്ങൾ പൂർണ്ണഹൃദയ.... 13/92
12. യോഹ. 1:29-30 - ഇതാ ലോകത്തിന്റെ... 15/102
13. ആമോസ് 5:15 - തിന്മയെ വെറുക്കുവിൻ.... 14/98

**ഉത്തരം എഴുതുക (ഏതെങ്കിലും മൂന്ന്)** 2½ x 3=7½

14. 10/71
15. 15/100, 101
16. 11/77,78
17. 1. അമ്പതാം ദിവസം - 11/76
    2. ആദ്യത്തെ രാജാവ് - 13/88
    3. യോം കിപ്പൂർ - 11/76
    4. അവസാനത്തെ ന്യായാധിപൻ - 13/88
    5. ജനുവരി 6 - 11/77

**ഉത്തരം എഴുതുക (ഏതെങ്കിലും ഒന്ന്)** 2½x1 = 2½

18. വിശുദ്ധരെ അറിയാൻ പേജ് 29
19. വിശുദ്ധരെ അറിയാൻ പേജ് 40

**നമസ്കാരങ്ങൾ**

20. നമസ്കാരങ്ങൾ - പേജ് 16 **2**
21. നമസ്കാരങ്ങൾ - പേജ് 17,15 **3**

ഖണ്ഡിക എഴുതുക. (ഏതെങ്കിലും ഒന്ന്) **3x1=3**

22 14/96

23. 12/84

**24. പൊതുചോദ്യം – കത്ത്** **4**

25. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്സ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയന വർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്സ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 25 കാണുക) ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കും പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. ഒന്നാം സെമസ്റ്ററിൽ അതിരൂപതയിലേക്ക് അയച്ചെങ്കിലും നാൽപതിൽ കൂടുതൽ മാർക്കുള്ളതായി അംഗീകരിക്കാത്തവരുടെ പേപ്പറുകൾ ഇപ്രാവശ്യം വീണ്ടും അയയ്ക്കേണ്ടതില്ല. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 25 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

28 - 02 - 2016 **STD - V** മാർക്ക് – 50

10.30 am - 12.30 pm സമയം – 2 മണിക്കൂർ

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക:** **1x 5=5**

1. മോശയുടെ പിൻഗാമിയായി ഇസ്രായേലിനെ നയിച്ചതാര്?
2. വി. മത്തായിയുടെ സുവിശേഷത്തിൽ സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള ഉപമകൾ വിവരിക്കുന്ന വചനഭാഗം ഏത്?
3. 'ഇവനാണ് വരാനിരിക്കുന്ന ഏലിയാ'. ആരെക്കുറിച്ചുള്ള പരാമർശം ആണിത്?
4. പക്ഷിമൃഗാദികളുടെയും പരിസ്ഥിതിയുടെയും സ്വർഗ്ഗീയമദ്ധ്യസ്ഥൻ?
5. കുടുംബജീവിതമക്കൾക്കായി ചാവറയച്ചൻ എഴുതിയ ലേഖനം?

**ബ്രാക്കറ്റിൽനിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **1x 5=5**

6. ഇസ്രായേലിലെ ന്യായാധിപന്മാരിൽ പ്രവാചകവരം ഉണ്ടായിരുന്ന വ്യക്തി?
   (സാവൂൾ, സാമുവൽ, ദാവീദ്)
7. ഇസ്രായേലിന്റെ ചരിത്രത്തിൽ സ്വാധീനം ചെലുത്തിയ വലിയ പ്രവാചകൻ?
   (ദാനിയേൽ, ഹോസിയ, ആമോസ്)
8. 'കർത്താവേ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ' എന്നു കരഞ്ഞപേക്ഷിച്ചത് ആര്?
   (പിശാചുബാധിതൻ, രോഗിണിയായ സ്ത്രീ, കാനാൻകാരി)
9. കാഞ്ഞിരപ്പള്ളി രൂപതയുടെ പുതിയ സഹായമെത്രാൻ?
   (മാർ ജോയി ആലപ്പാട്ട്, മാർ ജോസ് പുളിക്കൽ, മാർ ആന്റണി കരിയിൽ)
10. ഭാരതത്തിന്റെ ഭാഗ്യതാരകമായ വിശുദ്ധ?
    (മദർ തെരേസ, അൽഫോൻസാമ്മ, മറിയം ത്രേസ്യ)

**ദൈവവചനം എഴുതുക: (ഏതെങ്കിലും രണ്ടെണ്ണം)** **1½ x 2=3**

11. എശയ്യാ 7/14: യുവതി...
12. നിയമാവർത്തനം 31/8: കർത്താവാണ്...
13. സങ്കീ. 98/1: കർത്താവിന്......

**ഉത്തരമെഴുതുക: (ഏതെങ്കിലും മൂന്നെണ്ണം)** **2½ x 3=7½**

14. പഴയനിയമജനത്തെ നേരായ വഴിയിലൂടെ നയിച്ച പ്രവാചകന്മാരുടെ ദൗത്യത്തെക്കുറിച്ചാണ് താഴെപ്പറഞ്ഞിരിക്കുന്നത്. ഓരോ ദൗത്യ നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രവാചകരെ തന്നിരിക്കുന്ന ബോക്സിൽനിന്നും തെരഞ്ഞെടുത്ത് ചേർത്തെഴുതുക.
    a. ബാബിലോൺ അടിമത്തത്തിൽ കഴിഞ്ഞിരുന്ന ജനത്തെ പ്രത്യാശയിലേക്കു നയിച്ചു.
    b. ഇസ്രായേൽ ജനത്തെ സത്യദൈവവിശ്വാസത്തിൽ ഉറപ്പിക്കാൻ പ്രവർത്തിച്ചു.
    c. അനന്തമായ ദൈവസ്നേഹം, മാനസാന്തരം, പ്രത്യാശയുടെ ദിനങ്ങൾ ഇവയെപ്പറ്റിയുള്ള ചിന്തകൾ നൽകി.
    d. കഷ്ടപ്പെടുന്നവരോടുള്ള ദൈവത്തിന്റെ സ്നേഹം പ്രകടമാക്കി.
    e. ജനങ്ങളുടെ ധാർമ്മിക അധഃപതനത്തിനും സമൂഹത്തിലെ അനീതിക്കുമെതിരെ ശക്തിയോടെ പ്രസംഗിച്ചു.

    ഏശയ്യാ, ജറെമിയാ, ഏലിയാ, സാമുവൽ, ആമോസ്, ദാവീദ്, ഏലീഷാ, എസക്കിയേൽ, സാവൂൾ

15. ഇസ്രായേൽ സമൂഹത്തിൽ പുരോഹിതന്മാർ നിയുക്തരായത് എന്തിനായിരുന്നു? അവരുടെ ഉത്തരവാദിത്വങ്ങൾ എഴുതി പദസൂര്യൻ നിർമ്മിക്കുക.



16. **ചേരുംപടി ചേർക്കുക:**


| | | |
|---|---|---|
| ഗിൽഗാൽ | - | ദൈവം നമ്മോടുകൂടെ |
| നീസാൻ | - | കാനാൻദേശം |
| വാഗ്ദാനപേടകം | - | പെസഹാ ഭക്ഷണം |
| ഇമ്മാനുവേൽ | - | അവസാനത്തെ പ്രവാചകൻ |
| സ്നാപകയോഹന്നാൻ | - | ദൈവത്തിന്റെ സാന്നിധ്യം |

17. മിശിഹായെക്കുറിച്ചുള്ള വ്യക്തമായ പരാമർശങ്ങൾ നൽകുന്ന പ്രവാചകന്മാരുടെ പേരുകളാണ് ചാർട്ടിൽ കൊടുത്തിരിക്കുന്നത്. മിശിഹായെക്കുറിച്ചുള്ള അവരുടെ പരാമർശങ്ങൾ പേരിനു നേരെ ചേർത്തെഴുതുക.

| പ്രവാചകന്മാർ | പരാമർശങ്ങൾ |
|---|---|
| a. നാഥാൻ | |
| b. ജറെമിയ | |
| c. മിക്കാ | |
| d. സഖറിയാ | |
| e. എസക്കിയേൽ | |

**ഉത്തരമെഴുതുക: (ഏതെങ്കിലും ഒരെണ്ണം)** **2½x1=2½**

18. ചാവറയച്ചന്റെ കൃതികളെ അഞ്ചു വിഭാഗങ്ങളായി തിരിച്ച് ക്രമമായി എഴുതി പദസൂര്യൻ നിർമ്മിക്കുക.




19. വി. അൽഫോൻസാമ്മയുടെ ജീവിതത്തിൽനിന്നും താഴെപ്പറയുന്ന കാര്യങ്ങൾ എഴുതി ജീവചരിത്രം പൂർത്തിയാക്കുക.

ജനനം :

അൽഫോൻസാ എന്ന പേര് സ്വീകരിച്ചത് ഏതു വിശുദ്ധന്റെ തിരുനാൾ ദിനം :

വി. അൽഫോൻസായുടെ പുണ്യജീവിതത്തിന്റെ തെളിവുകൾ :

മരണം :

വിശുദ്ധയായി പ്രഖ്യാപനം :

**നമസ്കാരങ്ങൾ**

20. പരിശുദ്ധാരൂപിയുടെ ദാനങ്ങൾ എത്ര ? ഏതെല്ലാം? **2**

21. പരിശുദ്ധാരൂപിയുടെ ഫലങ്ങൾ ഏവ ? **3**

**ഖണ്ഡിക എഴുതുക (ഏതെങ്കിലും ഒരെണ്ണം)** **3x1=3**

22. സങ്കീർത്തനങ്ങൾ - ഉത്ഭവം, ഉള്ളടക്കം ഇവ വിശദമാക്കുക.

23. സഭയിലെ പ്രധാനപ്പെട്ട ഏതെങ്കിലും മൂന്ന് തിരുനാളുകൾ എഴുതി അവ വിശദീകരിക്കുക.

**24 പൊതുചോദ്യം** **4**

ഇസ്രായേൽ ജനത്തെ നയിച്ച പഴയനിയമപ്രവാചകന്മാരെ നിങ്ങൾ പഠിച്ചു. തിരുബാലസഖ്യം സംഘടനയുടെ നേതാവായി നിങ്ങൾ തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ നിങ്ങളുടെ അനുയായികളായ മറ്റു കുട്ടികളെ ദൈവത്തോട് കൂടുതൽ അടുപ്പിക്കാൻ സംഘടന വഴിയായി നിങ്ങൾക്കു ചെയ്യാവുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിവരിക്കുക.

25. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകൻ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

**28 - 02 - 2016** | **മാർക്ക് – 50**

**10.30 am - 12.30 pm** | **ഉത്തരസൂചിക** | **സമയം – 2 മണിക്കൂർ**

## STD - V

*__നിർദ്ദേശങ്ങൾ:__ ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യം എഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക:** **1x 5=5**

1. ജോഷ്വാ. – 10/69
2. മത്താ. 13/1-52
3. സ്നാപകയോഹന്നാനെക്കുറിച്ച് – മത്താ. 11/14
4. വി. ഫ്രാൻസീസ് അസ്സീസി – സത്യദീപം, ഡിസംബർ 10-16/2015
5. ഒരു നല്ല അപ്പന്റെ ചാവരുൾ – വിശുദ്ധരെ അറിയാൻ. 3/28

**ബ്രാക്കറ്റിൽനിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **1x 5=5**

6. സാമുവൽ. – 13/88
7. ദാനിയേൽ – 14/94
8. കാനാൻകാരി – മത്താ. 15/22
9. മാർ ജോസ് പുളിക്കൽ – സത്യദീപം ജനുവരി 14-20/2016
10. വി. അൽഫോൻസാമ്മ – വിശുദ്ധരെ അറിയാൻ. 4/38

**ദൈവവചനം എഴുതുക: (ഏതെങ്കിലും രണ്ടെണ്ണം)** **1½ x 2=3**

11. 15/100 : യുവതി....
12. 10/72 : കർത്താവാണ്....
13. 11/79 : കർത്താവിന്...

**ഉത്തരമെഴുതുക: (ഏതെങ്കിലും മൂന്നെണ്ണം)** **2½ x 3=7½**

14. a. എസക്കിയേൽ 14/96
    b. ഏലിയാ 14/94
    c. ഏശയ്യാ 14/95
    d. ഏലീഷാ 14/95
    e. ജറെമിയാ 14/95
15. 13/90
16. **ചേരുംപടി ചേർക്കുക:**
    ഗിൽഗാൽ – കാനാൻദേശം 10/71
    നീസാൻ – പെസഹാ ഭക്ഷണം 11/75
    വാഗ്ദാനപേടകം – ദൈവത്തിന്റെ സാന്നിധ്യം 12/82
    ഇമ്മാനുവേൽ – ദൈവം നമ്മോടുകൂടെ 15/100
    സ്നാപകയോഹന്നാൻ – അവസാനത്തെ പ്രവാചകൻ 15/101
17. 15/101

**ഉത്തരമെഴുതുക: (ഏതെങ്കിലും ഒരെണ്ണം)** **2½x1=2½**

18. വിശുദ്ധരെ അറിയാൻ 3/27, 28
    1. ചരിത്രകൃതികൾ 2. സാഹിത്യകൃതികൾ 3. ആദ്ധ്യാത്മികകൃതികൾ 4. കത്തുകൾ 5. ആരാധനാക്രമഗ്രന്ഥങ്ങൾ

19. വിശുദ്ധരെ അറിയാൻ... 4/32-39

1910 ഓഗസ്റ്റ് 19

വി. അൽഫോൺസ് ലിഗോരിയുടെ

അൽഫോൻസ എഴുതിയ നിരവധി കത്തുകൾ

1946 ജൂലൈ 28

2008 ഒക്ടോബർ 12

**നമസ്കാരങ്ങൾ**

20. നമസ്കാരങ്ങൾ : No.26 **2**

21. നമസ്കാരങ്ങൾ :No.27 **3**

**ഖണ്ഡിക എഴുതുക ( ഏതെങ്കിലും ഒരെണ്ണം) 3x1=3**

22. 12/83

23. 11/77-78

**24. പൊതുചോദ്യം 4**

25. **ഇന്റേണൽ അസ്സെസ്സ്മെന്റ് 15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്സ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയന വർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്സ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 32 കാണുക) ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കും പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. ഒന്നാം സെമസ്റ്ററിൽ അതിരൂപതയിലേക്ക് അയച്ചെങ്കിലും നാൽപതിൽ കൂടുതൽ മാർക്കുള്ളതായി അംഗീകരിക്കാത്തവരുടെ പേപ്പറുകൾ ഇപ്രാവശ്യം വീണ്ടും അയയ്ക്കേണ്ടതില്ല. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 32 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്‌ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

**22 - 02 - 2015** — **മാർക്ക് – 50**

**10.30 am - 12.30 pm** — **സമയം – 2 മണിക്കൂർ**

## STD - V

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രം ഉത്തരമെഴുതുക.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക:** **5**

1. കർത്താവ് മുഖാഭിമുഖം സംസാരിച്ച പ്രവാചകൻ?
2. ''ഇതാ എന്റെ അമ്മയും സഹോദരരും'' ആരുടെ നേരെ ചൂണ്ടിക്കൊണ്ടാണ് യേശു ഇത് പറഞ്ഞത്?
3. ഇവനാണ് വരാനിരിക്കുന്ന ഏലിയാ - ആരെക്കുറിച്ചുള്ള സാക്ഷ്യമാണിത്?
4. വി. എവുപ്രാസ്യമ്മയുടെ ചരമദിനം (തിരുനാൾ)?
5. ഡോൺ ബോസ്കോയുടെ പ്രവർത്തനങ്ങളോട് സഹകരിക്കുവാൻ അല്മായർക്കായി തുടങ്ങിയ സംഘടന ഏത്?

**ബ്രാക്കറ്റിൽനിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **4**

6. മിശിഹാ യുഗങ്ങൾക്കുമുമ്പേ ഉള്ളവനാണെന്ന് പരാമർശിച്ചിട്ടുള്ള പ്രവാചകൻ?
   (നാഥാൻ, മിക്കാ, സഖറിയാ)
7. രണ്ടാമത്തെ അപ്പം വർദ്ധിപ്പിക്കൽ അത്ഭുതത്തിനുശേഷം ഈശോ പോയ പ്രദേശം?
   (ടയർ, മഗദാൻ, സീദോൻ)
8. വിശുദ്ധ ചാവറയച്ചന്റെ ഡയറിക്കുറിപ്പിന്റെ പേര്?
   (ചാവരുൾ, നാളാഗമങ്ങൾ, ധ്യാനസല്ലാപങ്ങൾ)
9. അൾത്താരയുടെ അരികിൽ ജീവിതകാലം മുഴുവൻ ആഹ്ലാദത്തോടെ ചെലവഴിച്ച വിശുദ്ധൻ?
   (വി. ഡൊമിനിക് സാവിയോ, വി. ഡോൺ ബോസ്കോ, വി. ജോൺ ബർക്കുമൻസ്)

**ദൈവവചനം എഴുതുക: (ഏതെങ്കിലും രണ്ടെണ്ണം)** **3**


10. യോഹ.1:29-30 ''ഇതാ ലോകത്തിന്റെ........
11. 1 സാമുവൽ 12:24 ''നിങ്ങൾ പൂർണഹൃദയത്തോടും........
12. ആമോസ് 5:15 ''തിന്മയെ...............

**ഉത്തരമെഴുതുക: (ഏതെങ്കിലും മൂന്നെണ്ണം)** **7½**

13. **ചേരുംപടി ചേർക്കുക:**

| | | |
|---|---|---|
| മോശ | – | അഭിഷിക്തൻ |
| പാപപരിഹാരദിനം | – | മൊവാബ് |
| ഗിൽഗാൽ | – | യോംകിപ്പൂർ |
| മിശിഹാ | – | ന്യായധിപ |
| ദബോറാ | – | വാഗ്ദാനപേടകം |

14. പ്രവാചകൻ എന്ന വാക്കിന്റെ അർത്ഥം എന്ത്? വലിയ പ്രവാചകരെന്ന് അറിയപ്പെടുന്ന പ്രവാചകന്മാരുടെ പേരെഴുതി പദസൂര്യൻ പൂർത്തിയാക്കുക.



15. ഇസ്രായേലിന്റെ വിമോചനത്തിനായി പ്രവർത്തിച്ച ന്യായാധിപന്മാർ, രാജാക്കന്മാർ, പുരോഹിതന്മാർ എന്നിവരെക്കുറിച്ചുള്ള പരാമർശങ്ങൾ ആണ് താഴെ തന്നിരിക്കുന്നത്. ഈ പരാമർശങ്ങൾക്കോരോന്നിനും യോജിച്ചയാളുകളെ കണ്ടെത്തി എഴുതുക.

| | |
|---|---|
| a. ആദ്യത്തെ രാജാവ് | :.................................................. |
| b. അവസാനത്തെ ന്യായാധിപൻ | :.................................................. |
| c. മോശ അഭിഷേകം ചെയ്ത പുരോഹിതൻ | :.................................................. |
| d. ജ്ഞാനിയായ രാജാവ് | :.................................................. |
| e. ശക്തനായ രാജാവ് | :.................................................. |

16. ഞായറാഴ്ച ദിവസം എങ്ങനെ വിശുദ്ധമായി ആചരിക്കാം?

**ഉത്തരമെഴുതുക: (ഏതെങ്കിലും ഒരെണ്ണം)** **2½**

17. ചിത്രത്തിൽ കാണുന്ന 'മാർഗരറ്റിന്റെ മാണിക്യം' ആരാണ്? തന്നിരിക്കുന്ന സൂചനകൾ വച്ച് ജീവചരിത്രം പൂർത്തിയാക്കുക.

(a) ഇറ്റലിയിലെ പ്രകൃതിസുന്ദരമായ...... ഗ്രാമത്തിൽ...... ആഗസ്റ്റ് ......ന് ജനിച്ചു.

(b) തന്റെ മനസിൽ വലിയൊരു ആഗ്രഹമുണ്ടായിരുന്നു...........



(c) ........., ......., ......., ...... എന്നിങ്ങനെ പല മേഖലകളിൽ വിളങ്ങിനിന്ന വ്യക്തിയായിരുന്നു അദ്ദേഹം.

(d) 1888 ജനുവരി 31-ന് മരണമടഞ്ഞ വിശുദ്ധനെ ....... മദ്ധ്യസ്ഥനായി വണങ്ങുന്നു.

18. വി. ജോൺ ബർക്കുമൻസ് തന്റെ ജീവിതത്തിൽ 3 നിധികളായി കരുതിയിരുന്നതെന്തെല്ലാമായിരുന്നു? അദ്ദേഹം നമുക്കു തരുന്ന സന്ദേശം എഴുതുക.

**നമസ്കാരങ്ങൾ**

19. ദൈവത്തിന്റെ ലക്ഷണങ്ങൾ? **3**

20. ദൈവസന്നിധിയിൽ പ്രതികാരത്തിനായി ആവശ്യപ്പെടുന്ന പാപങ്ങൾ? **2**

**ഖണ്ഡിക എഴുതുക (ഏതെങ്കിലും ഒരെണ്ണം)** **4**

21. സഭയിൽ പന്തക്കുസ്താത്തിരുനാൾ ആചരണത്തിന്റെ അടിസ്ഥാനമെന്ത്? തിരുനാളുകൾ നമ്മുടെ ആത്മീയ വളർച്ചയ്ക്ക് ഉപകരിക്കുന്നവയാകുന്നതെപ്പോഴാണ്?

22. രക്ഷകനെക്കുറിച്ചുള്ള ഏശയ്യായുടെ പ്രവചനങ്ങൾ എഴുതുക.

**പൊതുചോദ്യം** **4**

23. മാരകരോഗത്താൽ വലയുന്ന നിങ്ങളുടെ ഒരു സുഹൃത്തിനെ രക്ഷകനിലുള്ള പ്രത്യാശ നൽകുന്ന രീതിയിൽ ആശ്വസിപ്പിച്ചുകൊണ്ട് ഒരു കത്തെഴുതുക.

24. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം ((3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകൻ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

# സൺഡേ സ്ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

**23 - 02 - 2014** **മാർക്ക് – 50**

**10.30 am - 12.30 pm** **STD - V** **സമയം – 2 മണിക്കൂർ**

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രം ഉത്തരമെഴുതുക.*

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക** **4**

1. പുറപ്പാടു സംഭവം മുതൽ ഇസ്രായേൽ വഴി നടന്നത് ആരുടെ നേതൃത്വത്തിലായിരുന്നു?
2. ''സ്വർഗരാജ്യത്തിലെ ഏറ്റവും ചെറിയവൻ അവനേക്കാൾ വലിയവനാണ്.'' ആരെപ്പറ്റി പറഞ്ഞ വാക്കുകളാണിത്?
3. അക്ഷരങ്ങൾകൊണ്ട് അടരാടി തിന്മയെ അകറ്റി നിർത്തിയ വിശുദ്ധൻ.
4. 'സ്നേഹമാണ് എന്റെ ദൈവവിളി' – ആരുടെ സ്നേഹമൊഴിയാണിത്?

**II ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **4**


5. ഇസ്രായേൽ ജനത്തിന്റെ തിരുനാളുകളിൽ ഏറ്റവും പ്രധാനപ്പെട്ടത്?
   (പന്തക്കുസ്താ തിരുനാൾ, കൂടാരത്തിരുനാൾ, പെസഹാ തിരുനാൾ)
6. ''ഇതാ ഞാൻ തിരഞ്ഞെടുത്ത എന്റെ ദാസൻ, എന്റെ ആത്മാവ് പ്രസാദിച്ച എന്റെ പ്രിയപ്പെട്ടവൻ! ഞാൻ അവന്റെമേൽ എന്റെ ആത്മാവിനെ അയയ്ക്കും.'' യേശുവിനെക്കുറിച്ച് ഏതു പ്രവാചകൻവഴി അരുളിച്ചെയ്യപ്പെട്ടതാണിത്?
   (ഏശയ്യാ, ജെറമിയ, ഹോസിയ)
7. ''എനിക്കൊരു വിശുദ്ധനാകണം. അതിനുവേണ്ടി ഞാൻ നിയമങ്ങൾ അനുസരിക്കും. എന്തും ഭംഗിയായി നിർവ്വഹിക്കും'' ഇപ്രകാരം തന്റെ ഡയറിയിൽ കുറിച്ചുവച്ചത് ആര്?
   (വി. ഡോൺ ബോസ്കോ, വി. ജോൺ ബർക്കുമൻസ്, വി. ചാൾസ് ബൊറോമിയോ)
8. നമ്മുടെ അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത?
   (മാർ ആന്റണി പടിയറ, മാർ ജോസഫ് പാറേക്കാട്ടിൽ, മാർ അഗസ്റ്റിൻ കണ്ടത്തിൽ)

**III പട്ടിക ക്രമപ്പെടുത്തുക:** **4**

| | | | |
|---|---|---|---|
| 9. | ഇസ്രായേൽ | ദാവീദ് | പ്രവാചകൻ |
| 10. | ജസ്സെ | വാഗ്ദാനപേടകം | വയലിലെ നിധി |
| 11. | സ്വർഗ്ഗരാജ്യം | സ്നാപകയോഹന്നാൻ | ഷീലോഹ |
| 12. | ഹേറോദേസ് | നല്ല രത്നങ്ങൾ | ശക്തനായ രാജാവ് |

**IV ഉത്തരമെഴുതുക: (ഏതെങ്കിലും മൂന്നെണ്ണം)** **7½**

13. ആരാണ് സഭാപ്രബോധകർ? അവരിൽ പ്രധാനികളായ 4 സഭാപിതാക്കന്മാരുടെ പേരുകൾ എഴുതി പദസൂര്യൻ പൂർത്തിയാക്കുക.



14. 'സങ്കീർത്തനങ്ങൾ' എന്നാലെന്ത്? അവ എത്ര? ഏതൊക്കെയാണ് ഗണങ്ങൾ?

15. പുതിയനിയമജനതയായ നമ്മുടേയും അന്തിമമായ ലക്ഷ്യം എന്ത്? അത് എങ്ങനെ പ്രാപിക്കാം?

16. മിശിഹായെക്കുറിച്ചുള്ള വ്യക്തമായ പരാമർശങ്ങൾ നൽകുന്ന പ്രവാചകരുടെ പേരുകൾ താഴെ തന്നിരിക്കുന്നു. അവരുടെ പരാമർശങ്ങൾ തന്നിരിക്കുന്ന ബോക്സിൽ നിന്നും ശരിയായവ തെരഞ്ഞെടുത്ത് ചേർക്കുക.

a. നാഥാൻ – ...............................
b. ജെറമിയ – ...............................
c. മിക്കാ – ...............................
d. സഖറിയ – ...............................
e. എസക്കിയേൽ – ...............................

1. മിശിഹാ നല്ല ഇടയൻ.
2. കഴുതക്കുട്ടിയുടെ പുറത്തുകയറി വിനയാന്വിതനായി വരുന്ന രാജാവ്.
3. മിശിഹാ യുഗങ്ങൾക്കു മുമ്പേയുള്ളവൻ.
4. ദാവീദിന്റെ വംശവുമായി മിശിഹായ്ക്കുള്ള ബന്ധം.

**V ഉത്തരമെഴുതുക. (ഏതെങ്കിലും ഒരെണ്ണം)** **2½**

17. ചിത്രം കണ്ടുവല്ലോ? ആരാണീ 'ബ്രദർ ജോയ്ഫുൾ'? തന്നിരിക്കുന്ന സൂചനകൾ മനസ്സിലാക്കി ജീവചരിത്രം പൂർത്തിയാക്കുക.

1. ഒരേ ഒരാഗ്രഹം.... പിതാവിന്റെ കാൽക്കൽ മുട്ടുകുത്തി ഇപ്രകാരം അപേക്ഷിച്ചു.......

2. തന്റെ വളർത്തു നായയെ നിരീക്ഷിക്കുമ്പോഴെല്ലാം മനസിൽ ഒരു ചോദ്യം ഉദിക്കും..................



3. മൂന്നു നിധികൾ..................

4. ...... വയസിൽ മരണമടഞ്ഞ വിശുദ്ധനെ ........ മദ്ധ്യസ്ഥനായി നാം ഇന്നും ആദരിക്കുന്നു.

18. പുണ്യം വിളയിച്ച വേലക്കാരനായിരുന്നു വി. ഡോൺ ബോസ്കോ. ജീവിതത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ച്ചപ്പാട് എന്തായിരുന്നു?

**VI നമസ്കാരങ്ങൾ**

19. ദൈവത്തിന്റെ ലക്ഷണങ്ങൾ ഏവ? **2½**

20. പരിശുദ്ധാരൂപിയുടെ ദാനങ്ങൾ എത്ര? ഏതെല്ലാം? **2½**

**VII ഖണ്ഡിക എഴുതുക. (ഏതെങ്കിലും ഒരെണ്ണം)** **4**

21. സഭയിലെ പ്രധാന തിരുനാളുകൾ ഏവ? തിരുനാളുകൾ നമ്മുടെ ആത്മീയ വളർച്ചയ്ക്ക് ഉപകരിക്കുന്നതെങ്ങനെ?

22. 'സഭയിലെ ദൈവാലയങ്ങളും ആചരണങ്ങളും' - വിശദമാക്കുക.

**VIII പൊതുചോദ്യം (ലഘുവിവരണമെഴുതുക)** **4**

23.  

മാതാപിതാക്കളെ വിവിധ ജോലികളിൽ സഹായിക്കുന്ന നിങ്ങളുടെ കൂട്ടുകാരെ കണ്ടോ? എന്നും ഈശോയുടെ മക്കളായിരിക്കാൻ മാതാപിതാക്കളെ അനുസരിക്കാനും സ്നേഹിക്കാനും സഹായിക്കാനും നമുക്ക് കടമയുണ്ട്. ഏതെല്ലാം വിധത്തിൽ നമുക്ക് അത് പ്രാവർത്തികമാക്കാം? വിവരിക്കുക.

24. **ഇന്റേണൽ അസ്സെസ്മെന്റ്** **15**

കുട്ടികളുടെ വിശുദ്ധ കുർബ്ബാനയിലെ പങ്കാളിത്തം (4 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (4 മാർക്ക്), ഫാമിലിയൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനകളിലെ ഭാഗഭാഗിത്വം (2 മാർക്ക്), മാതാപിതാക്കളുടെ ഭാഗത്തുനിന്നുള്ള സഹകരണം (1 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (2 മാർക്ക്) എന്നിവ കണക്കാക്കി അദ്ധ്യാപകൻ 15ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

23 - 02 - 2014 മാർക്ക് – 50

10.30 am - 12.30 pm **STD - V** സമയം – 2 മണിക്കൂർ

**ഉത്തരസൂചിക**

***നിർദ്ദേശങ്ങൾ:*** *ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതി യാലും ആദ്യമെഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക** **4**

1. മോശയുടെ 10/69
2. സ്നാപകയോഹന്നാനെപ്പറ്റി മത്താ 11/11
3. വി. ഡോൺബോസ്കോ വിശുദ്ധരെ അറിയാൻ 3/27
4. വി. കൊച്ചുത്രേസ്യ സത്യദീപം, ഡിസംബർ 11, 2013

**II ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **4**

5. പെസഹാ തിരുനാൾ 11/75
6. ഏശയ്യാ മത്തായി 12/17,18
7. വി. ജോൺ ബർക്കുമൻസ് വിശുദ്ധരെ അറിയാൻ 4/36
8. മാർ അഗസ്റ്റിൻ കണ്ടത്തിൽ സത്യദീപം, ജനുവരി 8, 2014

**III പട്ടിക ക്രമപ്പെടുത്തുക** **4**

| | | | |
|---|---|---|---|
| 9. | ഇസ്രായേൽ | വാഗ്ദാനപേടകം | ഷീലോഹ 12/82 |
| 10. | ജസ്സെ | ദാവീദ് | ശക്തനായ രാജാവ് 13/89 |
| 11. | സ്വർഗരാജ്യം | നല്ലരത്നങ്ങൾ | വയലിലെ നിധി മത്താ. 13/44, 45 |
| 12. | ഹേറോദേസ് | സ്നാപകയോഹന്നാൻ | പ്രവാചകൻ മത്താ. 14/1, 5 |

**IV ഉത്തരമെഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **7½**

13. 14/96
14. 12/83
15. 10/71–72
16. 15/101

**V ഉത്തരമെഴുതുക. (ഏതെങ്കിലും ഒരെണ്ണം)** **2½**

17. വിശുദ്ധരെ അറിയാൻ 4/34–39
18. വിശുദ്ധരെ അറിയാൻ 3/27

**VI നമസ്കാരങ്ങൾ**

19. നമസ്കാരങ്ങൾ പേജ് 16 **2½**
20. നമസ്കാരങ്ങൾ പേജ് 15 **2½**

**VII ഖണ്ഡിക എഴുതുക (ഏതെങ്കിലും ഒരെണ്ണം)** **4**

21. 11/77, 78
22. 12/84

**VIII** 23. **പൊതുചോദ്യം (ലഘുവിവരണം)** **4**

**24. ഇന്റേണൽ അസ്സെസ്മെന്റ്** **15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ് മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. രണ്ടാം സെമസ്റ്ററിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകു മല്ലോ. (വചനദീപം പേജ് 8–12 കാണുക). പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും, ഇന്റേണൽ അസ്സെസ്മെന്റിന് 15-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാഹരണമായി 35-ൽ 30ഉം 15-ൽ 8ഉം കിട്ടിയ ഒരു കുട്ടിക്ക് $30+8 = \frac{38}{50}$ എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 40-ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുക ളാണ് അതിരൂപതയിലേയ്ക്ക് അയയ്ക്കേണ്ടത്. ഈ സെമസ്റ്ററിൽ 40-ൽ കൂടുതൽ മാർക്കുകിട്ടിയെങ്കിലും ഒന്നാം സെമസ്റ്ററിൽ ഇത്രയും മാർക്കു ലഭിക്കുകയും അതിരൂപതയിലേയ്ക്ക് പേപ്പർ അയച്ച് അംഗീ കരിക്കുകയും ചെയ്യാത്ത പേപ്പറുകൾ അയയ്ക്കേണ്ടതില്ല. രണ്ടു സെമസ്റ്ററിലും പ്രത്യേകം 40-ഉം അതിലധികവും മാർക്കുലഭിക്കു ന്നവരെയാണ് സ്കോളർഷിപ്പു ലഭിച്ചവരായി കണക്കാക്കുക. സ്കോളർ ഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽ നിന്നും ആവശ്യപ്പെടു മ്പോൾ നൽകാൻ (ആറുമാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം: വചനദീപം പേജ് 9 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.